## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4913** — **27.10.2016 -ൽ മറുപടിനൽകേണ്ടിയിരുന്നത്**

### റവന്യൂ ഭൂമിയിലെ കൈയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. സി.കെ.ശശീന്ദ്രൻ<br>ശ്രീ.പി. കെ.ശശി<br>ശ്രീ.പി.വി.അൻവർ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഭൂമിയിൽ നടത്തിയിട്ടുള്ള വ്യാപക കയ്യേറ്റങ്ങളെക്കുറിച്ച് സമഗ്ര പരിശോധന നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | വൻകിട ചെറുകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കാനായി എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | 1957 ലെ ഭൂസംരക്ഷണ നിയമ പ്രകാരം നടപടി സ്വീകരിച്ചു വരുന്നു |
| (സി) | ഭൂസംരക്ഷണ നിയമപ്രകാരം ഭൂമി കയ്യേറ്റം ക്രിമിനൽ കുറ്റമായതിനാൽ ഇത്തരത്തിൽ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; കയ്യേറ്റങ്ങൾക്കെതിരെ ക്രിമിനൽ കേസുകൾ നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കാമോ; | (സി) | കോട്ടയം ജില്ലയിൽ10 കേസുകളും ഇടുക്കി ജില്ലയിൽ 14 കേസുകളും പത്തനംതിട്ട 2 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.മറ്റു ജില്ലകളിൽ കോടതി ഉത്തരവുകൾ പാലിക്കേണ്ട സാഹചര്യം ഉള്ളതിനാലും കേരള ഭൂസംരക്ഷണ നിയമപ്രകാരം ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായതിനാലും ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | റവന്യൂ ഭൂമിയിലെ കയ്യേറ്റം തടയാൻ ഭൂസംരക്ഷണ സേന രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ഡി) | കയ്യേറ്റം തടയാൻ ഇടുക്കി ജില്ലയിൽ കേരള സ്റ്റേറ്റ് ലാന്റ് ബാങ്കിന്റെ നേതൃത്വത്തിൽ 2012 മുതൽ ഒരു ഭൂ സംരക്ഷണ സേന പ്രവർത്തിച്ചു വരുന്നു .അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തി സേനയുടെ സഹായത്തോടെ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ